**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 214** **22-01-2021 - ൽ മറുപടിയ്ക്ക്**

**മാതൃക ഐ.ടി.ഐ പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. പി . കെ . ശശി ,<br>ശ്രീ. സജി ചെറിയാൻ,<br>ശ്രീ. വി കെ പ്രശാന്ത്,<br>ശ്രീ പി .ടി .എ . റഹീം | | Shri. T. P . Ramakrishnan<br>(തൊഴിലും എക്സൈസും വകുപ്പുമന്ത്രി) | |
| (എ) | സംസ്ഥാനത്തെ ഐ.ടി.ഐ.കളുടെ നിലവാരം ഉയർത്താനായി ആവിഷ്കരിച്ച പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) | ഐ.ടി.ഐ. കളുടെ നിലവാരം ഉയർത്താനായി ആവിഷ്കരിച്ച പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു. |
| (ബി) | ഐ.ടി.ഐ.കളിൽ നിന്നും പഠിച്ചിറങ്ങുന്നവർക്ക് സംരംഭകത്വ പരിശീലനം നൽകാൻ പരിപാടിയുണ്ടോ; | (ബി) | ഐ.ടി.ഐ.യിൽ നിന്നും പരിശീലനം കഴിഞ്ഞു പഠിച്ചിറങ്ങുന്നവരിൽ സംരംഭകത്വം വളർത്തുന്നതിനു വേണ്ടി എല്ലാ ട്രേഡുകളുടെയും സിലബസിൽ എംപ്ലോയബിലിറ്റി സ്കിൽ എന്ന വിഷയം ഉൾപ്പെടുത്തിയിട്ടുണ്ട്. ഇത് സംരംഭകത്വം തുടങ്ങുന്നതിനു ട്രെയിനികൾക്ക് വളരെ സഹായകരമാണ്. മെ. ഉദ്യം ഫൗണ്ടേഷൻസ്, മെ. മഹീന്ദ്ര പ്രൈഡ് എന്നിവയുമായി യോജിച്ച്, ഐ.ടി.ഐ ട്രെയിനികൾക്ക് സംരംഭം തുടങ്ങുന്നതിനു സഹായകരമായ പരിശീലനം നൽകി വരുന്നു. കൂടാതെ കേരളത്തിലെ തെരഞ്ഞെടുത്ത അഞ്ചു വനിത ഐ.ടി.ഐ. കളിലെ ട്രെയിനികൾക്കു കരിയർ ഡവലപ്മെന്റ് പ്രോഗ്രാം എന്ന പദ്ധതിയും മെ. ക്വസ്റ്റ് അലയൻസ് മുഖേന നടപ്പാക്കി വരുന്നു. വ്യവസായ വകുപ്പ് മുഖേന ഓരോ ഐ.ടി.ഐ.യിലും സംരംഭകത്വവികസന ക്ലബുകൾ രജിസ്റ്റർ ചെയ്ത് ക്ലബിന്റെ മേൽനോട്ടത്തിൽ സംരംഭകത്വ പരിശീലനവും നൽകിവരുന്നു. |
| (സി) | എൻ.സി.വി.ടി. മാനദണ്ഡങ്ങൾ അനുസരിച്ച് അടിസ്ഥാനസൗകര്യങ്ങൾ സൃഷ്ടിക്കാനും ഉപകരണങ്ങൾ സജ്ജീകരിക്കാനും നടപടി സ്വീകരിച്ചുവരുന്നുണ്ടോ; | (സി) | എൻ സി വി ടി മാനദണ്ഡങ്ങൾ അനുസരിച്ച് അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനും ഉപകരണങ്ങൾ സജ്ജീകരിക്കുന്നതിനുമായി ഈ സാമ്പത്തിക വർഷം താഴെ പറയുന്ന ശീർഷകങ്ങളിൽ സ്വീകരിച്ചു വരുന്ന നടപടികൾ ചുവടെ ചേർക്കുന്നു. ശീർഷകം:-1) പുതിയ ഐ.ടി.ഐ.കൾ ആരംഭിക്കുന്നത് :- മേൽ ശീർഷകത്തിൽ അനുവദിച്ച 352 ലക്ഷം രൂപയിൽ നിന്ന് വർക്കല ഐ.ടി.ഐയിലെ കെട്ടിട |

| | | | |
|---|---|---|---|
| | | | നിർമ്മാണം, ഉപകരണ സംഭരണം, പന്ന്യന്നൂർ ഐ.ടി.ഐയുടെ ഉപകരണ സംഭരണം എന്നിവയ്ക്കായി തുക അനുവദിച്ചിട്ടുണ്ട്. സംഭരണ നടപടി പുരോഗമിക്കുന്നു. പുതിയതായി ആരംഭിക്കുന്നതിന് ഭരണാനുമതി നല്കിയ ഐ.ടി.ഐ.കളിലെ ഉപകരണ സംഭരണത്തിന് ഭരണാനുമതി നല്കുന്ന നടപടി സ്വീകരിച്ചു വരുന്നു. 2) വനിത ഐ.ടി.ഐ:- നിർമ്മാണ പ്രവർത്തന ങ്ങൾക്കായി 175 ലക്ഷം രൂപയുടെ അനുമതി നൽകിയിട്ടുണ്ട്. 48.12 ലക്ഷം രൂപയുടെ ഉപകരണ സംഭരണത്തിനുള്ള നടപടി കൈക്കൊണ്ടു വരുന്നു. 3) മോഡേണൈസേഷൻ ഓഫ് ഐ.ടി.ഐസ്:- ഉപകരണ സംഭരണത്തിനായും കെട്ടിടങ്ങളുടെ മരാമത്തു പണികൾക്കുമായി 5 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. 12.66 കോടി രൂപയ്ക്ക് ഉപകരണ സംഭരണത്തിന് വിതരണ ഉത്തരവ് നൽകിയിട്ടുണ്ട്. 4) ഐ.ടി.ഐ ബിൽഡിംഗ് വർക്സ്: സിവിൽ വർക്സിന് 21,67,56,102/- രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (ഡി) | മാതൃക ഐ.ടി.ഐ. പദ്ധതി സംസ്ഥാനത്ത് നടപ്പാക്കിയിട്ടുണ്ടോ; പ്രസ്തുത പദ്ധതിയുടെ ലക്ഷ്യം അറിയിക്കാമോ? | (ഡി) | ഓരോ സംസ്ഥാനത്തും നിലവിലുള്ള ഒരു സർക്കാർ ഐ.ടി.ഐ എങ്കിലും മോഡൽ ഐ.ടി.ഐ യായി വികസിപ്പിക്കുന്നതിനായുള്ള കേന്ദ്രസർക്കാർ പദ്ധതിയാണ് മോഡൽ ഐ.ടി.ഐ. പദ്ധതി മികച്ചതും കാര്യക്ഷമവും ഉയർന്ന നിലവാരമുള്ളതുമായ പരിശീലനം സുസ്ഥിരവും ഫലപ്രദവുമായ വ്യവസായ ബന്ധം എന്നിവ ഉറപ്പാക്കുന്ന ഒരു സ്ഥാപനമായി മാറുക എന്നതാണ് മോഡൽ ഐ.ടി.ഐ പദ്ധതിയുടെ ലക്ഷ്യം. ആയത് ഉറപ്പാക്കുന്നതുവഴി വ്യവസായശാലകൾക്ക് പ്രായോഗിക വൈദഗ്ധ്യമുള്ളവരെ ലഭിക്കുന്നതിനുള്ള ഒരു ഡിമാന്റ് സെന്ററായി മോഡൽ ഐ.ടി.ഐ മാറും. മോഡൽ ഐ.ടി.ഐ 1000 ലക്ഷം രൂപയുടെ പദ്ധതിയാണ്. ടി പദ്ധതിയുടെ ഫണ്ടിംഗ് 70% കേന്ദ്രവിഹിതവും 30% സംസ്ഥാനവിഹിതവുമാണ്. സംസ്ഥാനത്ത് നിന്നും ഐ.ടി.ഐ കളമശ്ശേരിയെയാണ് ടി പദ്ധതിയിലേയ്ക്ക് തെരെഞ്ഞെടുത്തിട്ടുള്ളത്. പദ്ധതിയുടെ കാലാവധി 2021 മാർച്ച് 31 വരെയാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നം. | പദ്ധതി | വിശദാംശങ്ങൾ |
|---|---|---|
| 1 | ഇന്റർനാഷണൽ ഐ ടി ഐ | ചാക്ക,കോഴിക്കോട് എന്നീ സർക്കാർ ഐ.ടി.ഐ. കളെ സർക്കാർ ഫണ്ട് ഉപയോഗിച്ച് അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്ന് വരുന്നു. |
| 2 | കിഫ്ബി പ്രോജക്ട് | വകുപ്പിന് കീഴിലുള്ള 10 ഐ.ടി.ഐ. കളെ കിഫ്ബി ഫണ്ടുപയോഗിച്ച് അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്ന് വരുന്നു. |
| 3 | ISO Certification | 34 ഐ.ടി.ഐ. കൾക്ക് ഇതിനകം ISO സർട്ടിഫിക്കറ്റ് ലഭിച്ചു. മറ്റ് ഐ.ടി.ഐ. കൾക്കും ISO സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. |
| 4 | Skills Strengthening for Industrial Value Enhancement (STRIVE) | 100% കേന്ദ്ര സർക്കാരിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയാണ്. ഐ.ടി.ഐ കളുടെ കാര്യശേഷിയും ഗുണമേന്മയും വർദ്ധിപ്പിക്കുക, അപ്രന്റീസ്ഷിപ്പ് ട്രെയിനിംഗിന്റെ നിലവാരം വർദ്ധിപ്പിക്കുക എന്നിവയാണ് പദ്ധതിയുടെ ലക്ഷ്യം. സംസ്ഥാനത്തെ 17 ഗവൺമെന്റ് ഐ.ടി.ഐ. കളെയും രണ്ട് പ്രൈവറ്റ് ഐ.ടി.ഐ. കളെയും ടി പദ്ധതിയിൽ തെരെഞ്ഞെടുത്തിട്ടുണ്ട്. ടി പദ്ധതിയുടെ കാലാവധി നവംബർ 2022 വരെയാണ്. |
| 5 | മോഡൽ ഐ.ടി.ഐ | കേന്ദ്രാവിഷ്കൃത പദ്ധതിയായ മോഡൽ ഐ.ടി.ഐ. പദ്ധതിയുടെ ഭാഗമായി കളമശ്ശേരി ഐ.ടി.ഐ.യെ മോഡൽ ഐ.ടി.ഐ. ആയി ഉയർത്തുന്ന പ്രവർത്തനങ്ങൾ പുരോഗമിച്ച് വരികയാണ്. ടി പദ്ധതിയുടെ ഫണ്ടിംഗ് 70% കേന്ദ്രവിഹിതവും 30% സംസ്ഥാന വിഹിതവുമാണ്. പദ്ധതിയുടെ കാലാവധി 2021 മാർച്ച് 31 വരെയാണ് |
| 6 | പ്രൊഡക്ഷൻ സെന്ററുകൾ | സംസ്ഥാനത്തെ സർക്കാർ ഐ .ടി .ഐ.കൾ ഉത്പാദന വിതരണ സേവന കേന്ദ്രങ്ങൾ ആയി മാറ്റുന്നതിന്റെ ഭാഗമായും ഐ.ടി.ഐ. ട്രെയിനികളുടെ നൈപുണ്യ ശേഷി, തൊഴിൽ സാധ്യത എന്നിവ വർദ്ധിപ്പിക്കുന്നതിനുമാണ് പ്രൊഡക്ഷൻ സെന്ററുകൾ ആരംഭിച്ചത്. കോഴിക്കോട് വനിതാ ഐ.ടി.ഐ. യിൽ സ്ത്രീകൾക്കും കുട്ടികൾക്കുമായി ബ്യൂട്ടി സൊല്യൂഷൻസ്, അരീക്കോട് ഐ.ടി.ഐ. യിൽ ഫർണിച്ചർ നിർമാണം, കൊല്ലം ബി ടി സി യിൽ ബേക്കറി ഉത്പന്നങ്ങൾ , സാനിട്ടൈസർ, ഹാൻഡ് വാഷ് നിർമാണ യൂണിറ്റ് എന്നി പ്രൊഡക്ഷൻ സെന്ററുകൾ ഇതിനകം ആരംഭിച്ചുകഴിഞ്ഞു. |

| | | |
|---|---|---|
| 7 | ന്യൂട്രീഷൻ പ്രോഗ്രാം | സംസ്ഥാനത്തെ പിന്നോക്കം നിൽക്കുന്ന കാസർഗോഡ്, വയനാട്, ഇടുക്കി ജില്ലകളിലെ ഐ.ടി.ഐ.കളിലും, ഭാഷാ ന്യൂനപക്ഷ ഐടിഐയായ പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ ഐ.ടി.ഐ. യിലും ഉൾപ്പെടെ 31 ഐ .ടി .ഐ. കളിൽ ന്യൂട്രീഷൻ പദ്ധതിക്ക് പകരം നൂൺ മീൽസ് പദ്ധതി നടപ്പിലാക്കി വരുന്നു. അതോടൊപ്പം ആര്യനാട്, നിലമ്പൂർ, അട്ടപ്പാടി എന്നി ഐ.ടി.ഐ. കളിലെ ഹോസ്റ്റലിൽ താമസിക്കുന്ന ട്രെയിനികൾക്ക് രാവിലെയും രാത്രിയും ഭക്ഷണം നൽകി വരുന്നു. ബാക്കിയുള്ള 68 ഐ.ടി.ഐ. കളിൽ ന്യൂട്രിഷൻ പദ്ധതി നടപ്പിലാക്കി വരുന്നു. |
| 8 | ഗ്രൂപ്പ് ഇൻഷുറൻസ് | സംസ്ഥാനത്തെ എല്ലാ ഐ.ടി.ഐകളിലെയും മുഴുവൻ ട്രെയിനികളേയും പരിശീലനകാലയളവിൽ അവർക്ക് ഇൻഷുറൻസിന്റെ പരിരക്ഷ ലഭിക്കത്തക്ക വിധം ഗ്രൂപ്പ് ഇൻഷുറൻസ് ഏർപ്പെടുത്തി . |
| 9 | ഗ്രീൻ ക്യാമ്പസ് | ഐ.ടി.ഐ.കളിൽ മഴവെള്ള സംഭരണി, ബയോഗ്യാസ്, ബയോ വേസ്റ്റ് ട്രീറ്റ്മെന്റ് പ്ലാന്റ്സ് തുടങ്ങിയവ ഹരിത കേരള മിഷന്റെ സഹായത്തോടു കൂടി നടപ്പിൽ ആക്കുന്നതിനുള്ള പദ്ധതിയാണ് ഗ്രീൻ കാമ്പസ് പദ്ധതി. ഇതിന്റെ ഭാഗമായി 16 ഐ.ടി.ഐ. കളെ തിരഞ്ഞെടുക്കുകയും അതിൽ നിന്നും 10 ഐ.ടി.ഐ. കളെ ഹരിത കാമ്പസ് ആക്കി മാറ്റുകയും ചെയ്തിട്ടുണ്ട്. |
| 10 | നൈപുണ്യ കർമ്മസേന | 2018 പ്രളയത്തിൽ ഇലക്ട്രിക്കൽ, പ്ലംബിംഗ്, കാർപ്പെന്റർ മുതലായ വർക്കുകൾ ട്രെയിനികളുടെയും അധ്യാപകരുടെയും സഹായത്തോടുകൂടി മെയിന്റനൻസ് ചെയ്തു നൽകിയ സാഹചര്യത്തിൽ സർക്കാർ, നൈപുണ്യ കർമ്മ സേനയെ ഒരു സ്ഥിരം സംവിധാനം ആക്കി മാറ്റിയിട്ടുണ്ട്. നിലവിൽ 14 ഐ.ടി.ഐ.കളിൽ നൈപുണ്യ കർമസേന യൂണിറ്റുകൾ പ്രവർത്തിക്കുന്നു. മറ്റുള്ള ഐ.ടി.ഐ.കളിലും പ്രസ്തുത യൂണിറ്റുകൾ ആരംഭിക്കുന്നതിന് നടപടി കൈക്കൊണ്ടു വരുന്നു. |